# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 330

**28.10.2019-ൽ മറുപടിയ്ക്ക്**

### പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്

| ചോദ്യം<br>**ശ്രീ.റ്റി.വി.രാജേഷ്** | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ ഉത്തരവായ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പരിയാരം ഗവ. ആയുർവേദ കോളേജിൽ പുതുതായി അനുവദിച്ച ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര ഭൈഷജ്യ കൽപ്പന എന്നീ 3 പി.ജി. കോഴ്സുകൾക്കും ക്രിയാശരീര, രോഗനിദാന എന്നീ നിലവിലുള്ള പി.ജി. കോഴ്സുകളിലെ സീറ്റുകളുടെ എണ്ണം 5-ൽ നിന്ന് 7 ആക്കി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനായി 2018-19 അക്കാദമിക് വർഷം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും യു.ജി, പി.ജി. കോഴ്സുകൾക്ക് CCIM MSR പ്രകാരമുള്ള അദ്ധ്യാപക – അനദ്ധ്യാപക ജീവനക്കാരുടേയും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടേയും കുറവ് കാരണം കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നിരസിക്കുകയാണ് ഉണ്ടായത്. എന്നാൽ പ്രസ്തുത പി.ജി. കോഴ്സുകൾക്ക് വീണ്ടും ആയുഷ് മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനായി CCIM നും കേന്ദ്ര ആയുഷ് മന്ത്രാലയത്തിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>കേന്ദ്ര ആയുഷ് മന്ത്രാലയം ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ കോളേജിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ ചെറുതുരുത്തിയിലുള്ള പഞ്ചകർമ്മ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | കണ്ണൂർ പരിയാരം ഗവ. ആയുർവേദ കോളേജിനോടനുബന്ധിച്ച് അനുവദിച്ച 4 നിലകളുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ കെട്ടിട നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ രണ്ട്, നാല് നിലകളുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഇതുവരേയും ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന്റെ രണ്ടാം നിലയിൽ സ്ഥാപിക്കേണ്ട ഓപ്പറേഷൻ തീയറ്റർ, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ലേബർ റൂം, ഒബ്സർവേഷൻ റൂം എന്നിവയും ടി നിലയിലെ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവർത്തികളും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ HLL Heights എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി കരാർ നൽകിയിട്ടുണ്ട്. രണ്ട് സാമ്പത്തിക വർഷങ്ങളിലായി കണ്ണൂർ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്ക് വേണ്ടി 230 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ